# ന്യൂലൈഫ്
**ബൈബിൾ പഠന കോഴ്സ്**

# ക്രിസ്തുവിന്റെ ജീവിതം

## യൂണിറ്റ് B

## പഠനം 1. രാജാവിന്റെ ജനനം

പേര്:

**വായിക്കുക: മത്തായി 1:1, 16 – 25, 2:1 – 15**

**താക്കോൽവാക്യം: മത്തായി 1:21**

**"അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിപ്പാനിരിക്കകൊണ്ട് നീ അവന് യേശു എന്നു പേരിടേണം എന്നു പറഞ്ഞു."**

ക്രിസ്തുവിന്റെ ജീവിതത്തെക്കുറിച്ചുള്ള ഈ പഠനങ്ങളിൽ നാം അവന്റെ ജീവിതത്തെ കുറച്ചു വിശദീകരിച്ച് ശ്രദ്ധിക്കും. നാം മത്തായിയുടെ സുവിശേഷത്തിലായിരിക്കും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. മുമ്പ് ചുങ്കക്കാരനായിരുന്നതും പിന്നീട് കർത്താവിന്റെ ശിഷ്യനായിത്തീർന്നതുമായ മത്തായിയാണ് ഈ സുവിശേഷം എഴുതിയത് ***(മത്തായി 9:9 കാണുക).***

മത്തായി പ്രധാനമായും യഹൂദർക്കുവേണ്ടിയാണ് എഴുതിയത്. അതുകൊണ്ടു തന്നെ യഹൂദന്മാർക്ക് വളരെ പരിചയമുള്ള പഴയനിയമത്തിൽ നിന്നുമാണ് താന് കൂടുതലും ഉദ്ധരിച്ചിരിക്കുന്നത്. യേശു മിശിഹയായിട്ട് സമർത്ഥിക്കുകയാണ് മത്തായി ചെയ്യുന്നത്. പഴയനിയമത്തിൽ യിസ്രായേലിന് ദൈവം വാഗ്ദത്തം ചെയ്ത രാജാവാണ് മിശിഹ.

സുവിശേഷത്തിന്റെ ആദ്യവാക്യം നോക്കുകയാണെങ്കിൽ മത്തായി യേശുകർത്താവിനെ പഴയനിയമത്തിലെ വളരെ പ്രധാനപ്പെട്ട രണ്ട് വ്യക്തികളോട് ബന്ധപ്പെടുത്തിയിരിക്കുന്നതായി കാണുവാൻ സാധിക്കും. അബ്രഹാം യഹൂദ്യജാതിയുടെ പിതാവും സ്ഥാപകനും ദാവീദ് അവരുടെ വലിയവനായ രാജാവും ആയിരുന്നു. മത്തായി യേശുകർത്താവിനെക്കുറിച്ച് ***"ദാവീദിന്റെ പുത്രൻ"*** എന്നും ***"അബ്രഹാമിന്റെ മകൻ"*** എന്നും വിശേഷിപ്പിക്കുമ്പോൾ അവൻ അവരിൽ നിന്നും ഉത്ഭവിച്ചുവെന്നാണ് അർത്ഥമാക്കുന്നത്. യേശു ദൈവത്താൽ നിയോഗിക്കപ്പെട്ട രാജാവാണെന്നതിന് മത്തായി നൽകിയിരിക്കുന്ന ഒരു തെളിവാണ് ഇത്.

യോസേഫ് യേശുകർത്താവിന്റെ സ്വാഭാവികമായ പിതാവല്ല എന്ന് മത്തായി വളരെ വ്യക്തമാക്കുന്നു. മറിയയുമായുള്ള നിശ്ചയത്തിൽ നിന്നും പിൻമാറുവാൻ യോസേഫ് ശ്രമിക്കുന്നത് അവൻ ആ കുട്ടിയുടെ പിതാവല്ല എന്നു വ്യക്തമാക്കുന്നു. മറിയയുടെ അത്ഭുത ഗർഭധാരണത്തെക്കുറിച്ച് യോസേഫിന് ഒരു പ്രത്യേക ദർശനത്തിൽ വെളിപ്പെടുത്തി ***(വാക്യം 20).*** അവൻ ദൈവത്തിൽ നിന്നുള്ള വെളിപാട് അംഗീകരിക്കുകയും മറിയയുമായുള്ള വിവാഹത്തിന് തയ്യാറാവുകയും ചെയ്തു. എന്നാൽ യേശു കർത്താവ് ജനിക്കുന്നതു വരെ അവൻ അവളുമായി ശാരീരിക ബന്ധത്തിൽ ഏർപ്പെട്ടില്ല ***(വാക്യം 25).***

വിദ്വാന്മാരുടെ സന്ദർശനം മത്തായിയുടെ സുവിശേഷത്തിൽ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. യഹൂദന്മാരുടെ പുതിയ രാജാവ് പിറന്നു എന്നത് സൂചിപ്പിക്കുന്ന നക്ഷത്രം അവർ കിഴക്കു കണ്ടു. അവൻ അനേക കാതം പിന്നിട്ട് യെരുശലേമിൽ വരികയും അവർ ഇപ്രകാരം അന്വേഷിക്കുകയും ചെയ്തു. ***"യഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ?"*** പുതിയ രാജാവിന്റെ ജനനത്തെക്കുറിച്ചുള്ള വാർത്ത ഹെരോദാ രാജാവിനെ കുഴപ്പത്തിലാക്കി. അവൻ മതനേതാക്കന്മാരെ ഒന്നിച്ചു വിളിച്ചു കൂട്ടി. "മിശിഹ" എവിടെയാണ് ജനിക്കേണ്ടത് എന്ന് അവർ പറയുവാനായി അവൻ ആവശ്യപ്പെട്ടു. അവർ മീഖാ പ്രവാചകനാൽ വളരെ വർഷങ്ങൾക്കു മുമ്പ് എഴുതപ്പെട്ട ഒരു പ്രവചനം അവന് ചൂണ്ടിക്കാണിച്ചു. "കർത്താവിന്റെ അഭിക്ഷിക്തൻ" അഥവാ "മിശിഹ" ബേത്‌ലഹേം എന്ന് അറിയപ്പെടുന്ന സ്ഥലത്താണ് ജനിക്കുന്നത് എന്ന് മീഖാ പ്രവചിച്ചിരുന്നു ***(മീഖാ 5:2).***



ആ വിദ്വാന്മാർ ബേത്‌ലഹേമിലേക്ക് പോവുകയും അവർ ഒരു നക്ഷത്രത്താൽ വഴി കാട്ടപ്പെടുകയും വളരെ പെട്ടെന്ന് അവർ പുതിയ രാജാവിനെ കണ്ടെത്തുകയും ചെയ്തു. അവർ അവനെ ആരാധിക്കുകയും അവന് വിലപ്പെട്ട സമ്മാനങ്ങൾ കാഴ്ച വയ്ക്കുകയും ചെയ്തു. അവർ സമൂഹത്തിൽ ഉന്നതന്മാരായ വ്യക്തികളായിരുന്നുവെങ്കിലും തങ്ങളിലും വലിയ ഒരു വ്യക്തിത്വത്തെ അവർക്ക് ശിശുവായ യേശുവിൽ ദർശിക്കുവാൻ കഴിഞ്ഞു. അവനെക്കുറിച്ച് ***നിങ്ങൾ*** എന്താണ് കരുതുന്നത്?

ഹെരോദാവ് അവരോട് ആവശ്യപ്പെട്ടതുപോലെ അവർ തിരികെ ഹെരോദാവിന്റെ അടുക്കൽ യെരുശലേമിലേക്ക് മടങ്ങിപ്പോകാതെ ദൈവം പറഞ്ഞതനുസരിച്ച് അവർ മറ്റൊരു വഴിയായി തങ്ങളുടെ ദേശത്തേക്ക് മടങ്ങിപ്പോയി. അവർ തന്നെ പറ്റിച്ചു എന്ന് ഹെരോദാവിന് മനസ്സിലായപ്പോൾ അവൻ രോഷാകുലനാകുകയും ബേത്‌ലഹേമിലുള്ള രണ്ടു വയസ്സിൽ താഴെയുള്ള എല്ലാ ആൺകുഞ്ഞുങ്ങളേയും കൊല്ലുവാൻ കല്പന പുറപ്പെടുവിക്കുകയും ചെയ്തു. എന്താണ് സംഭവിക്കുവാൻ പോകുന്നത് എന്ന് ദൈവം ഒരു സ്വപ്നത്തിലൂടെ യോസേഫിലൂടെ മുന്നറിയിപ്പ് നൽകുകയും അവൻ മറിയയേയും കുഞ്ഞിനേയും കൊണ്ട് സുരക്ഷയ്ക്കായി മിസ്രയിമിലേക്ക് യാത്രയാവുകയും ചെയ്തു. അവർ ഹെരോദാവിന്റെ മരണം വരെ അവിടെ താമസിക്കുകയും പിന്നീട് യിസ്രായേലിലേക്ക് മടങ്ങി വന്ന് നസറേത്തിൽ താമസമാക്കി.

ഈ കാര്യങ്ങളെക്കുറിച്ച് മത്തായി എഴുതുമ്പോൾ തന്റെ വായനക്കാർക്ക് എടുത്തെഴുതത്തക്കവിധം ***മൂന്നു*** കാര്യങ്ങൾ എഴുതുവാൻ ദൈവം അവനെ നിയോഗിച്ചു.

1. യേശു മറ്റുള്ള എല്ലാവരേയും പോലെയുള്ള ഒരു ***സാധാരണ*** വ്യക്തിയല്ല.
2. എല്ലാ കാര്യങ്ങളും നടന്നത് ദൈവം തന്റെ പ്രവാചകന്മാരിലൂടെ പ്രവചിച്ചതും വാഗ്ദത്തം ചെയ്തതും പോലെ തന്നെയാണ്.
3. രക്ഷകനായ രാജാവ് ഈ ലോകത്തിലേക്ക് വന്നപ്പോൾ ദൈവം തന്നെയായിരുന്നു എല്ലാക്കാര്യങ്ങളും നിയന്ത്രിച്ചത്.

**പഠനം 1.** രാജാവിന്റെ ജനനം

**1** **ക്രിസ്തു ബേത്‌ലഹേമിൽ ജനിക്കും എന്ന് ഹെരോദാവിന്റെ മുമ്പാകെ തെളിയിക്കുവാൻ പുരോഹിതന്മാരും ശാസ്ത്രിമാരും ഏത് വാക്യത്തിൽ (മീഖയുടെ പ്രവചനത്തിൽ) നിന്നുമാണ് ഉദ്ധരിച്ചത്?**

..................................................................................................................................................

..................................................................................................................................................

..................................................................................................................................................

3

**2** **യേശു "ദാവീദിന്റെ പുത്രൻ" എന്നും "അബ്രഹാമിന്റെ പുത്രൻ" എന്നും പറയുന്നതിന്റെ അർത്ഥം എന്ത്?**

..................................................................................................................................................

..................................................................................................................................................

2

**3** **വിദ്വാന്മാർ നൽകിയ ഈ സമ്മാനങ്ങൾ ശരിയായ നിലയിൽ എഴുതുക**

**ന്ന്പൊ** .........................., **ര്മൂ** .........................., **ക്കംകുരിന്തി** ..........................

3

**4** **മത്തായി യേശുവിനെ "രാജാവ്" എന്ന നിലയിലാണ് ചിത്രീകരിച്ചിരിക്കുന്നത്. ബൈബിൾ മറ്റ് പേരുകളും അവനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ചുവടെയുള്ളവ പൂരിപ്പിക്കുക.**

a). യേശു ക്രി.......................... ആകുന്നു.

b). യേശു മി.......................... ആകുന്നു.

c). ഈ രണ്ട് വാക്കുകളുടേയും അർത്ഥം ക.....................അ.......................... ൻ എന്നാണ്.

3

**5** **ചുവടെയുള്ളവ ശരിയോ തെറ്റോ എന്നെഴുതുക.**

a). പഴയനിയമ എഴുത്തുകൾ കർത്താവിന്റെ ജനനത്തോടെ സത്യമായി എന്ന് മത്തായി തെളിയിക്കുന്നു. ..............

b). യേശുവിന്റെ പ്രകൃത്യ ഉള്ള പിതാവാണ് യോസേഫ്. ..............

c). യോസേഫും, മറിയയും ശിശുവും മിസ്രയിമിൽ സുരക്ഷിതത്ത്വം തേടി. ..............

d). വിദ്വാന്മാരെ ബേത്‌ലഹേമിലേക്ക് ഒരു ദൂതനാണ് നയിച്ചത്. ..............

e). വിദ്വാന്മാരെക്കുറിച്ച് എല്ലാ സുവിശേഷങ്ങളിലും കാണുന്നു. ..............

5

**6** **"രാജാവിന്റെ ജനനത്തെ" കുറിച്ച് വളരെ പ്രധാനമായി നിങ്ങൾ കണക്കാക്കുന്ന കാര്യം എന്താണെന്ന് നിങ്ങളുടെ വാക്കുകളിൽ എഴുതുക. അങ്ങനെ നിങ്ങൾ കരുതുന്നതിന്റെ കാരണം വ്യക്തമാക്കുക.**

..................................................................................................................................................

..................................................................................................................................................

..................................................................................................................................................

..................................................................................................................................................

5

**7** **തന്റെ പുത്രനായ യേശുവിന്റെ ജനനത്തെ സംബന്ധിച്ച് ഉണ്ടായ എല്ലാ സംഭവങ്ങളിലും ദൈവം നിയന്ത്രിതാവായി ഉണ്ടായിരുന്നുവെന്ന് ഈ പഠനം എപ്രകാരമാണ് വെളിപ്പെടുത്തുന്നത്?**

..................................................................................................................................................

..................................................................................................................................................

..................................................................................................................................................

..................................................................................................................................................

4

**25**

ആകെ മാർക്ക്

# ക്രിസ്തുവിന്റെ ജീവിതം

## യൂണിറ്റ് B

## പഠനം 2. രാജാവിന്റെ പ്രജകൾ

**വായിക്കുക: മത്തായി 5:1 – 16, 6:19 – 20&33, 7:24 – 27**

**താക്കോൽവാക്യം: മത്തായി 5:3**

**"ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ സ്വർഗ്ഗരാജ്യം അവർക്കുള്ളത്."**

ഓരോ രാജ്യത്തിനും അതിന്റെ നിയമങ്ങളുണ്ട്. രാജ്യത്തിന്റെ അധിപൻ തന്റെ പ്രജകൾക്കുവേണ്ടി ഏറ്റവും നല്ല ന്യായപാലനം നടത്തുന്നുവെന്ന കാര്യം ഈ നിയമങ്ങൾ വ്യക്തമാക്കുന്നു. നിയമം അനുശാസിക്കുന്ന പരിധിക്കുള്ളിൽ ജീവിച്ചുകൊണ്ട് ആ രാജ്യത്തിലെ ജനങ്ങൾക്ക് സന്തോഷകരമായും പ്രയോജനകരവുമായ ഒരു ജീവിതം ധൈര്യത്തോടെ ജീവിക്കുവാൻ സാധിക്കും.

യോഹന്നാൻ സ്നാപകൻ തന്റെ കേഴ്വിക്കാരോട്, *"ദൈവരാജ്യം അടുത്തിരിക്കുന്നു" (മത്തായി 3:2)* എന്നു വിളിച്ചു പറഞ്ഞു. യേശുകർത്താവിന്റെ പരസ്യ ശുശ്രൂഷയോടെ ദൈവരാജ്യത്തിന്റെ ഒരു പുതിയ നടത്തിപ്പിന് തുടക്കം കുറിച്ചുവെന്നാണ് യോഹന്നാൻ ഉദ്ദേശിച്ചത്. ദൈവരാജ്യം ഈ ലോകത്തിലെ രാജ്യങ്ങളുമായി വളരെ വ്യത്യാസമുള്ളതാണ്, മാത്രവുമല്ല അത് ഭൂമിശാസ്ത്രപരമായി ഒരു ഭൂപടത്തിലും കാണുവാനും കഴിയില്ല. ഒരിക്കൽ യേശുകർത്താവ് ഇപ്രകാരം പറയുകയുണ്ടായി, ***"ദൈവരാജ്യം നിങ്ങളുടെ ഇടയിൽ തന്നെ ഉണ്ട്" (ലൂക്കോസ് 17:21).*** ഒരുവ്യക്തി ഏതു രാജ്യത്തു ജീവിച്ചാലും ദൈവത്തിന്റെ ഭരണം തന്റെ ജീവിതത്തിൽ സ്വീകരിക്കുകയും യേശുവിനെ രാജാവായി അംഗീകരിക്കുകയും ചെയ്യുന്ന പക്ഷം അവർ അവന്റെ രാജ്യത്തിലെ അംഗങ്ങളായിത്തീരുന്നു.

അവന്റെ പ്രജകൾ എങ്ങനെയുള്ളവരായിരിക്കണം? യേശുകർത്താവ് ***മത്തായി 5:3 – 12*** ൽ പറഞ്ഞ കാര്യങ്ങൾ ഈ ചോദ്യത്തിനുള്ള ഉത്തരമാണ്. ഇതിൽ എത്ര വാക്യങ്ങൾ ***"ഭാഗ്യവാന്മാർ"*** എന്ന വാക്ക് എത്ര വാക്യങ്ങളിൽ ആവർത്തിച്ചിരിക്കുന്നു എന്ന് ശ്രദ്ധിക്കുക. ഈ പ്രസ്താവനകളെ പൊതുവായി ബീയാറ്റിറ്റ്യൂഡ്സ് (നല്ല മനോഭാവങ്ങൾ) എന്ന് വിളിക്കപ്പെടുന്നു. ദൈവരാജ്യത്തിലെ വ്യക്തികൾ ഏതെല്ലാം മേന്മയുള്ളവരാണെന്ന് ഇവ പഠിപ്പിക്കുന്നു. അവർ അവരുടെ ആത്മീയ ദാരിദ്ര്യത്തെക്കുറിച്ച് ബോദ്ധ്യമുള്ളവരായിരിക്കണം എന്ന് ***3 – ാം വാക്യത്തിലും***, പാപത്തെക്കുറിച്ച് വിലപിക്കുന്നവരായിരിക്കണമെന്ന് ***4 – ാം വാക്യത്തിലും*** രേഖപ്പെടുത്തിയിരിക്കുന്നു. ഹൃദയത്തിന്റെ ശുദ്ധത, താഴ്മ എന്നീ നല്ല സ്വഭാവങ്ങൾ ഇവരുടെ ജീവിതത്തിൽ ഉണ്ടാകേണ്ടതാണ്. യേശുകർത്താവായ രാജാവിന്റെ അധികാരത്തിന് കീഴ്പ്പെടുന്നതിലൂടെ മാത്രമേ അവർക്ക് ഇങ്ങനെയുള്ള നല്ല ഗുണങ്ങളും ജീവിതത്തിൽ ശരിയായ സന്തോഷവും ലഭ്യമാവുകയുള്ളൂ.

***മത്തായി 5: 13 – 14*** ൽ യേശുകർത്താവ് തന്റെ ശിഷ്യന്മാരോട് ദൈവരാജ്യത്തിന് പുറത്തുള്ള മറ്റ് വ്യക്തികളുടെ മേൽ അവർ എത്രമാത്രം സ്വാധീനം ചെലുത്തണം എന്ന് പഠിപ്പിക്കുകയുണ്ടായി. അവൻ ഇപ്രകാരം പറഞ്ഞു, **"നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു"** മാത്രമല്ല **"നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു."** റെഫ്രിജറേറ്ററുകളും മറ്റും കണ്ടുപിടിക്കപ്പെടുന്നതിന് മുമ്പ് പല കാര്യങ്ങളും കേടുകൂടാതെ സൂക്ഷിച്ചിരുന്നത് ഉപ്പുപയോഗിച്ചാണ്. കാരണം ഉപ്പിന് ചീയുന്നതിൽ നിന്നും തടുക്കുവാനുള്ള കഴിവ് ഉണ്ട്. ക്രിസ്ത്യാനികളും ഉപ്പിനെപ്പോലെ പ്രവർത്തിക്കണം. നല്ല മനോഭാവങ്ങളുടെ പട്ടികയിൽ കൊടുത്തിരിക്കുന്ന സ്വഭാവഗുണങ്ങൾ പ്രദർശിപ്പിക്കുന്നതിലൂടെ അവർക്ക് ഈ ലോകത്തിലെ ദുഷ്ടതയെയും ദുർമാർഗ്ഗങ്ങളേയും മാറ്റി നിർത്തുവാൻ സാധിക്കും. ***"ഈ ലോകത്തിന്റെ വെളിച്ചം"*** എന്നതിലൂടെ അർത്ഥമാക്കുന്നത് ഈ ലോകത്തിൽ ദൈവത്തിലേക്ക് മനം തിരിയാത്ത ജനങ്ങളുടെ ഇടയിൽ സുവിശേഷത്തിന്റെ പ്രകാശം പരത്തണം എന്നാണ്. പലപ്പോഴും ക്രിസ്ത്യാനികളുടെ ***"നല്ല പ്രവൃത്തികളാണ്"*** നല്ല വെളിച്ചം പകർന്ന് ആളുകളെ ദൈവത്തിങ്കലേക്ക് തിരിക്കുന്നത് *(5:16).*

***മത്തായി 6*** – ൽ യേശുകർത്താവ് തന്റെ ശിഷ്യന്മാരെ പ്രത്യേകമായ ജീവിതമൂല്യങ്ങളോടെ ജീവിക്കുവാൻ പഠിപ്പിക്കുന്നു. ദൈവരാജ്യത്തിന് പുറത്തു താമസിക്കുന്നവരാകരുത് അവരുടെ മുൻതൂക്കം. അവന്റെ പ്രജകൾ തങ്ങൾ തന്നെ അവരുടെ നിക്ഷേപങ്ങൾ സ്വർഗ്ഗത്തിൽ സ്വരൂപിക്കേണ്ടതാണ് ***(വാക്യം 20).*** ദൈവം അവർക്കു നൽകിയിട്ടുള്ള എല്ലാ ദാനങ്ങളും ഉപയോഗിച്ച് അവർക്ക് ഇതു ചെയ്യാൻ സാധിക്കും (സമയം, ധനം, കഴിവുകൾ തുടങ്ങിയവ) ഇങ്ങനെ ഉപയോഗിക്കുന്നതിലൂടെ അവന്റെ രാജത്വം മറ്റുള്ളവരിലേക്ക് വ്യാപിപ്പിക്കുവാൻ സാധിക്കും ***"മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുക"*** എന്നത് അവന്റെ പ്രജകൾക്കുള്ള ഒരു മാർഗ്ഗനിർദ്ദേശമാണ് ***(വാക്യം 33).***

തന്റെ വാക്കുകൾ വെറുതെ കേട്ടതുകൊണ്ടു മാത്രം കാര്യമില്ല എന്ന് പറഞ്ഞ് നമ്മുടെ കർത്താവ് തന്റെ ഗിരിപ്രഭാഷണം ഉപസംഹരിച്ചു ***(മത്തായി 5 മുതൽ 7 വരെയുള്ള അദ്ധ്യായങ്ങളെ*** പൊതുവെ ഇങ്ങനെയാണ് അറിയപ്പെടുന്നത്). "കേൾക്കുന്നത്" എപ്പോഴും "ചെയ്യുന്നതുമായി" ഇടകലർന്നിരിക്കുന്നു. നാം അവന്റെ വാക്കുകൾ കേട്ടശേഷം നാം അതിനനുസരിച്ച് പ്രവർത്തിച്ചില്ലെങ്കിൽ നാം ഒരു വിഡ്ഢിയായ മനുഷ്യനെപ്പോലെയാണ്.



ഈ പഠനം മുഴുവനും നമുക്കുള്ള വെല്ലുവിളികളാൽ നിറഞ്ഞിരിക്കുന്നു, നാം ഇങ്ങനെയുള്ള ചില ചോദ്യങ്ങൾ അഭിമുഖീകരിക്കപ്പെടുന്നു. ഞാൻ ആ രാജാവിന്റെ ഒരു പ്രജയാണോ? ഞാൻ രാജാവിന്റെ നിയമപ്രകാരമാണോ ജീവിക്കുന്നത്? എന്റെ ജീവിതം മറ്റുള്ളവർക്ക് ഒരു അനുഗ്രഹമാണോ? ഞാൻ ഒരു ***"ബുദ്ധിമാനാണോ"*** അതോ ***"വിഡ്ഢിയോ?"***

**1** a. **മത്തായി 5,6,7 അദ്ധ്യായങ്ങളിൽ കൊടുത്തിരിക്കുന്ന യേശുകർത്താവിന്റെ ഉപദേശങ്ങളെ സാധാരണ എങ്ങിനെയാണ് അറിയപ്പെടുന്നത്?**

..........................................................................................................................

b. **തന്റെ ഉപദേശങ്ങളുടെ തുടക്കത്തിൽ സന്തോഷത്തിന്റെ പ്രസ്താവനകൾക്ക് സൂചിപ്പിച്ചിരിക്കുന്ന വാക്ക് ഏത്?**

.......................................................................................................................... 2

**2** **നല്ല മനോഭാവത്തിലെ ഒന്നാമത്തേത് താക്കോൽ വാക്യം തന്നെയാണ്. ബൈബിൾ ഉപയോഗിച്ച് അതിൽ നിന്നും മറ്റൊരെണ്ണം എഴുതുക.**

..........................................................................................................................

.......................................................................................................................... 2

**3** **ആരു പറഞ്ഞു?**

a) "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു"...............................................................

b) "ദൈവരാജ്യം നിങ്ങളുടെ ഇടയിൽ തന്നെയുണ്ട്". ........................................ 2

**4** **ഒരു ക്രിസ്ത്യാനി ശരിക്കും "ഉപ്പ്" എന്ന നിലയിൽ വെളിപ്പെടുന്നതിന് എന്ത് തെളിവാണ് ഉള്ളത്?**

..........................................................................................................................

..........................................................................................................................

.......................................................................................................................... 4

**5** **"നിങ്ങളുടെ വെളിച്ചം മനുഷ്യരുടെ മുമ്പിൽ വിളങ്ങട്ടെ" എന്ന് യേശുകർത്താവ് പറഞ്ഞപ്പോൾ താൻ എന്താണ് അർത്ഥമാക്കിയത് (മത്തായി 5:16).**

..........................................................................................................................

..........................................................................................................................

.......................................................................................................................... 4

**6** **വിട്ടുപോയ ഭാഗങ്ങൾ ശരിയായ വാക്കുകൾ കൊണ്ട് പൂരിപ്പിക്കുക (മത്തായി 7:24 – 27).**

a) **ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും.................വീടു പണിത.................മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു കാറ്റ് അടിച്ചു അത്** .................

b) **ഈ വചനങ്ങളെ കേട്ടു ചെയ്യാത്തവൻ ഒക്കെയും** ..................................... **വീടു പണിതമനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു കാറ്റ് അടിച്ചു അത്** .................

**7** **മത്തായി 6:25&31 വായിച്ചശേഷം, യേശുകർത്താവിനെ അനുഗമിക്കാത്ത വ്യക്തികൾ തങ്ങളുടെ ജീവിതത്തിൽ ഏറ്റവും മുൻതൂക്കമായി കരുതുന്ന രണ്ട് കാര്യങ്ങൾ ഏതെല്ലാം എന്ന് എടുത്തെഴുതുക.**

..........................................................................................................................

..........................................................................................................................

.......................................................................................................................... 6

a) **ക്രിസ്തുവിനെ അനുഗമിക്കുന്ന ഒരാളുടെ മുൻഗണന എന്തായിരിക്കണം?**

..........................................................................................................................

..........................................................................................................................

.......................................................................................................................... 5

**25**

ആകെ മാർക്ക്

# ക്രിസ്തുവിന്റെ ജീവിതം

## യൂണിറ്റ് B

## പഠനം 3. രാജാവിന്റെ അധികാരം

**വായിക്കുക: മത്തായി 21: 1 – 17 & 23 – 27**

**താക്കോൽവാക്യം: മത്തായി 21: 5**

**"സീയോൻ പുത്രിയോട് ഇതാ നിന്റെ രാജാവ് സൗമ്യനായി കഴുതപ്പുറത്തും വാഹനമൃഗത്തിന്റെ കുട്ടിയുടെ പുറത്തും കയറി നിന്റെ അടുക്കൽ വരുന്നു എന്നു പറവിൻ."**

യേശുകർത്താവിന്റെ പരസ്യശുശ്രൂഷാവേളയിൽ യേശു അധികാരത്തോടെ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്തു. ശാസ്ത്രിമാരുടെ പാരമ്പര്യ ഉപദേശങ്ങളെ താൻ വെല്ലുവിളിച്ചതിലൂടെ സാധാരണ ജനങ്ങൾ അവന്റെ വാക്കുകളുടെ ശക്തിയിൽ അതിശയിച്ചു. യേശുകർത്താവിനെ "*രാജാവായി*" ചിത്രീകരിച്ചിരിക്കുന്ന മത്തായിയുടെ സുവിശേഷത്തിൽ തന്റെ അധികാരത്തെ വ്യക്തമാക്കുന്ന പല സന്ദർഭങ്ങളും കാണുവാൻ സാധിക്കുന്നു.

**1. അവന് രോഗങ്ങൾ സൗഖ്യമാക്കുവാനുള്ള അധികാരമുണ്ട്.**

ഒരു റോമാക്കാരനായ ശതാധിപൻ തന്റെ തളർവാതം വന്ന ദാസനു വേണ്ടി യേശുകർത്താവിനോട് അവന്റെ സൗഖ്യത്തിനായി അപേക്ഷിച്ചു. യേശുകർത്താവ് അവനോടൊപ്പം പോകുവാൻ തീരുമാനിച്ചു. എന്നാൽ യേശുകർത്താവ് തന്റെ ഭവനത്തിൽ വരേണ്ടുന്ന ആവശ്യമില്ല എന്ന് താൻ ഉറച്ചു വിശ്വസിച്ചിരുന്നു. അവന്റെ ഒരു ആജ്ഞ മാത്രം മതിയായിരുന്നു. തനിക്ക് തന്റെ പടയാളികളോട് ആജ്ഞാപിക്കാനുള്ള അധികാരമുള്ളതുപോലെ യേശുകർത്താവിന് രോഗത്തെ ആജ്ഞ നൽകി മാറ്റുവാൻ അധികാരമുണ്ടെന്ന അവൻ മനസ്സിലാക്കി. ഈ മനുഷ്യന്റെ വലിയ വിശ്വാസം മൂലം യേശു അവന്റെ ദാസന് അപ്പോൾ തന്നെ സൗഖ്യം നൽകി *(മത്തായി 8:5 – 13)*.

**2. അവന് പാപങ്ങൾ ക്ഷമിക്കുന്നതിനുള്ള അധികാരമുണ്ട്**

9-ാം അദ്ധ്യായത്തിൽ ഒരു പക്ഷവാതക്കാരനെ തന്റെ സുഹൃത്തുക്കൾ ചുമന്നു കൊണ്ട് യേശുവിന്റെ അടുക്കൽ കൊണ്ടു വന്നു. അവർക്ക് എത്രമാത്രം വിശ്വാസം തന്നിൽ ഉണ്ടെന്ന് യേശു മനസ്സിലാക്കുകയും പെട്ടെന്ന് അവൻ ആ മനുഷ്യന്റെ എല്ലാ പാപങ്ങളും മോചിച്ചതായി പ്രഖ്യാപിച്ചു. യേശുകർത്താവ് ആ മനുഷ്യനെ സൗഖ്യമാക്കിയതിലൂടെ തന്റെ അധികാരത്തെ വെളിപ്പെടുത്തി. ഉടൻ തന്നെ ആ മനുഷ്യൻ തന്റെ സ്വന്തം കാലുകളിൽ നിവർന്നു നിന്ന് തന്റെ കിടക്കയും എടുത്തുകൊണ്ട് വീട്ടിലേക്ക് പോയി. ആ അത്ഭുതം സംഭവിച്ചത് ആർക്കും തള്ളിക്കളയാനാവില്ല. യേശുകർത്താവിന് രോഗങ്ങളുടെ മേൽ അധികാരമുണ്ടെങ്കിൽ അവന് പാപങ്ങൾ ക്ഷമിക്കുന്നതിനും അധികാരമുണ്ടെന്ന് അവർക്ക് ഉറപ്പിക്കാമായിരുന്നു *(മത്തായി 9:6)*.

**3. അവന് ശബ്ബത്ത് നിയമങ്ങളുടെ മേൽ അധികാരമുണ്ട്**

ഒരു ശബ്ബത്തു ദിവസം വിശന്നു വലഞ്ഞ ശിഷ്യന്മാർ കുറച്ചു കതിർ പറിച്ച് തിന്നുവാൻ തുടങ്ങി. നിഷ്കർഷത പാലിച്ച പരീശന്മാർ യേശുകർത്താവ് അവരെ അപ്രകാരം അനുവദിച്ചതിനെതിരെ ആരോപണം ഉന്നയിച്ചു. അവരുടെ വീക്ഷണത്തിൽ ന്യായപ്രമാണപ്രകാരം തടുത്തിരുന്ന ഒരു കാര്യം ശിഷ്യന്മാർ ശബ്ബത്തിൽ ചെയ്തു എന്നതാണ് *(പുറപ്പാട് 20:8)*. എന്നാൽ യേശുകർത്താവ് താൻ തന്നെ '*ശബ്ബത്തിന്റെ കർത്താവാണ്*" എന്നു പ്രഖ്യാപിച്ചുകൊണ്ട് ശിഷ്യന്മാരുടെ പ്രവൃത്തിയെ അനുകൂലിച്ചു. എന്നു വെച്ചാൽ ശബ്ബത്തിലെ ശരിയും തെറ്റും തീരുമാനിക്കുന്നത് തന്റെ അധികാരമാണ് എന്നതാണ് *(മത്തായി 12:1 – 8)*.

**4. അവന് തന്റെ ശുശ്രൂഷകരെ നിയന്ത്രിക്കുവാനുള്ള അധികാരമുണ്ട്**


*മത്തായി 16*-ൽ ജനങ്ങൾ തന്റെ വ്യക്തിത്വത്തെക്കുറിച്ച് എന്ത് അഭിപ്രായമാണ് പറയുന്നതെന്ന് കർത്താവ് ഒരിക്കൽ ശിഷ്യന്മാരോട് ചോദിച്ചു. പിന്നീട് അവൻ അവരോട് വെല്ലുവിളിയോടെ അവർ തന്നെക്കുറിച്ച് എന്തു പറയുന്നു എന്നു ചോദിച്ചു. പത്രോസ് ഇപ്രകാരം ഉത്തരം പറഞ്ഞു, "*നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു തന്നെ*" പത്രോസ് പറഞ്ഞ കാര്യങ്ങളെ യേശുകർത്താവ് ശരിയാക്കുകയോ അവനെ ശകാരിക്കുകയോ ചെയ്തില്ല. എന്നാൽ ദൈവമാണ് അവന് ഈ കാര്യം വെളിപ്പെടുത്തി നൽകിയത് എന്നു പറയുകയുണ്ടായി. അതിനുശേഷം താൻ പത്രോസിനോട് "*സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ*" അവന് നൽകുവാൻ പോകുന്നു എന്ന് പറഞ്ഞു (വാക്യം 19). ദൈവത്തിന്റെ രാജ്യത്തിലെ ഭാവി പ്രവർത്തനങ്ങൾക്കായി ഒരു പ്രത്യേക ദൗത്യം പത്രോസിനെ ഏൽപ്പിക്കുവാൻ യേശുകർത്താവിന് അധികാരമുണ്ടായിരുന്നു എന്നാണ് ഇത് അർത്ഥമാക്കുന്നത്.

**5. അവന് ഒരു രാജാവെന്ന നിലയിൽ പട്ടണത്തിലും ദൈവാലയത്തിലും കടക്കുവാനുള്ള അധികാരമുണ്ട്.**

യെരുശലേമിലേക്ക് ഒരു കഴുതപ്പുറത്തു വന്നതിലൂടെ വർഷങ്ങൾക്കുമുമ്പ് സെഖര്യാവിനാൽ എഴുതപ്പെട്ട വ്യക്തി താനാണെന്ന് യേശുകർത്താവ് പ്രഖ്യാപിക്കുകയായിരുന്നു- "***ഇതാ നിന്റെ രാജാവ്.... കഴുതപ്പുറത്തു കയറി വരുന്നു" (സെഖര്യാവ് 9:9).*** അന്നത്തെ ജനാവലി ആവേശത്തോടെ ഇപ്രകാരം വിളിച്ചു പറഞ്ഞു "***കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവ് വാഴ്ത്തപ്പെട്ടവൻ" (ലൂക്കോസ് 19:38).*** രാജാവ് വന്നു കഴിഞ്ഞു.

***മത്തായി 21:12 – 13*** ൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ അവൻ ദൈവാലയം ശുദ്ധീകരിച്ചപ്പോൾ മതനേതാക്കളാൽ അവന്റെ അധികാരം ചോദ്യം ചെയ്യപ്പെട്ടു താൻ ചെയ്തത് എന്താണെന്ന് വളരെ പ്രാഗത്ഭ്യത്തോടെ സ്ഥാപിക്കുകയും അവനെ ചോദ്യം ചെയ്തവരെ മിണ്ടാതാക്കുകയും ചെയ്തു.

ഈ പഠനം അവസാനിക്കുമ്പോൾ നാം വീണ്ടും ദൈവത്തിന്റെ രാജാവിന്റെ അധികാരത്തെ സന്ധിച്ചിരിക്കുകയാണ്. നമ്മുടെ ജീവിതം അവന്റെ കയ്യിൽ ഏൽപ്പിക്കുന്നതിലും വലിയതായി ഒന്നും നമുക്ക് ചെയ്യുവാൻ കഴിയുകയില്ല. ഒന്നാമതായി നാം നമ്മുടെ നിത്യരക്ഷയ്ക്കായി അവനിൽ ആശ്രയിക്കുന്നു നമ്മുടെ മുഴുവൻ ജീവിതവും അവന്റെ അധികാരത്തിന് ഏൽപ്പിച്ചു കൊടുക്കുന്നു.



## പഠനം 3. രാജാവിന്റെ അധികാരം

1. മത്തായി 7:29 നെ അടിസ്ഥാനമാക്കി യേശുകർത്താവ് എപ്രകാരമാണ് പഠിപ്പിച്ചത് എന്നത് എഴുതുക. (2)

.......................................................................................

2. ഈ നൽകിയിരിക്കുന്ന (മത്തായി 9:3, മത്തായി 12:8, മത്തായി 21:23, മത്തായി 16:16, മത്തായി 8:9) വാക്യങ്ങൾ ഉപയോഗിച്ച് ചുവടെ കൊടുത്തിരിക്കുന്ന വാക്കുകൾ ആരുടേതെന്ന് എഴുതുക. (5)

   a) ഞാനും അധികാരത്തിൻ കീഴുള്ള മനുഷ്യനും എന്റെ അധീനതയിൽ അനേകം പടയാളികളും ഉണ്ട്. ..........................
   b) ഈ മനുഷ്യൻ ദൈവദൂഷണം പറയുന്നു. ..........................
   c) നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു. ..........................
   d) നീ ഇവ ഏത് അധികാരത്തോടെ ചെയ്യുന്നു? ..........................
   e) മനുഷ്യപുത്രൻ ശബ്ബത്തിനും കർത്താവാകുന്നു. ..........................

3. യേശുകർത്താവിനാൽ തന്റെ പാപം മോചിച്ചു കിട്ടി എന്നു പറയുന്ന ഒരു വ്യക്തിയുടെ ജീവിതത്തിൽ നിന്നും എന്ത് തെളിവാണ് നിങ്ങൾ പ്രതീക്ഷിക്കുന്നത്? (മത്തായി 9:2 – 7 – ലെ തളർവാതം പിടിച്ച മനുഷ്യന്റെ ജീവിതം ശ്രദ്ധിക്കുക). (4)

.......................................................................................
.......................................................................................
.......................................................................................

4. മത്തായി 8:10 – ൽ യേശുകർത്താവ് ഇപ്രകാരം പറഞ്ഞു, "ഞാൻ യിസ്രായേലിൽ കൂടെ ഇത്ര വലിയ വിശ്വാസം കണ്ടിട്ടില്ല" (4)

   a) ആരുടെ വിശ്വാസത്തെക്കുറിച്ചാണ് അവൻ സംസാരിച്ചത്?
   b) ഏതു നിലയിലാണ് ഈ മനുഷ്യന്റെ വിശ്വാസം "വലിയത്" ആയിരിക്കുന്നത്?

5. മത്തായി 9:6 – ൽ നിന്നും വിട്ടുപോയ വാക്കുകൾ കണ്ടെത്തുക. (2)

"എങ്കിലും.......................................................................................

6. "എല്ലാ അധികാരവും (അഥവാ ശക്തിയും) എനിക്കു നൽകപ്പെട്ടിരിക്കുന്നു" എന്ന് ഉയിർത്തെഴുന്നേറ്റ യേശുകർത്താവ് പറഞ്ഞ കാര്യം മത്തായി 28:18 – ൽ നിന്നും വായിക്കുക. പിന്നീട് താൻ ശിഷ്യന്മാരോട് ചെയ്യുവാൻ പറഞ്ഞ രണ്ട് കാര്യങ്ങൾ വ്യക്തമാക്കുവാൻ തുടർന്നുള്ള രണ്ട് വാക്യങ്ങൾ എടുത്തെഴുതുക. (4)

.......................................................................................
.......................................................................................
.......................................................................................
.......................................................................................

7. ഇന്ന് യേശുകർത്താവിന് നമ്മുടെ മേൽ അധികാരം നൽകുവാൻ എപ്രകാരം സാധിക്കും? (4)

.......................................................................................
.......................................................................................
.......................................................................................

25
ആകെ മാർക്ക്

# ക്രിസ്തുവിന്റെ ജീവിതം

## യൂണിറ്റ് B

## പഠനം 4. രാജാവിന്റെ തിരസ്ക്കരണം

**വായിക്കുക: മത്തായി 26:14 – 16, 47 – 50 & 57 – 68, മത്തായി 27:1 – 2, 15 – 31& 35 – 50.**

**താക്കോൽവാക്യം: മത്തായി 27:42**

**"ഇവൻ മറ്റുള്ളവരെ രക്ഷിച്ചു തന്നത്താൻ രക്ഷിപ്പാൻ കഴിയുകയില്ല. അവൻ യിസ്രായേലിന്റെ രാജാവാകുന്നുവെങ്കിൽ ഇപ്പോൾ ക്രൂശിൽ നിന്ന് ഇറങ്ങി വരട്ടെ എന്നാൽ ഞങ്ങൾ അവനിൽ വിശ്വസിക്കും."**

യേശുകർത്താവ് യെരുശലേമിലേക്ക് തന്റെ രംഗപ്രവേശനം നടത്തിയതിനെക്കുറിച്ചാണ് നാം കഴിഞ്ഞ പാഠത്തിന്റെ അവസാനം പഠിച്ചത്. അതേ ആഴ്ചയുടെ അവസാനമാണ് യെരുശലേമിലുള്ള ജനങ്ങൾ അവനെ ക്രൂശിക്കുവാനായി ആവശ്യപ്പെട്ടത്. ഇത് ഒരു അതിശയമുളവാക്കുന്ന കാര്യം തന്നെയാണ്. അവനെ ഏറ്റവും കൂടുതൽ എതിർത്തു നിന്നത് അവിടെയുണ്ടായിരുന്ന ആത്മീയനേതാക്കൾ ആയിരുന്നു. സാധാരണ ജനങ്ങൾക്കിടയിലുണ്ടായിരുന്ന അവന്റെ പ്രശസ്തിയെക്കുറിച്ച് അവർ അസൂയാലുക്കൾ ആയിരുന്നു *(21:46)*. അവനെതിരെ നടപടിയെടുക്കത്തക്കവണ്ണം ഒരു പ്രശ്നം ഉളവാക്കുന്നതിനായി പരീശന്മാർ പലപ്പോഴും അവനെ പ്രകോപിപ്പിക്കുവാൻ തക്കവണ്ണമുള്ള സംസാരരീതി അവലംബിച്ചു പോന്നു *(22:15)*. എന്നാൽ യേശുകർത്താവ് അവരുടെ ദുഷ്ട പദ്ധതികളിൽ അകപ്പെടുകയോ അവരുടെ കെണികളിൽ വീഴുകയോ ചെയ്തില്ല *(22:46)*.

പിന്നീട് അവന്റെ ശത്രുക്കൾ തങ്ങളുടെ തന്ത്രങ്ങൾക്ക് മാറ്റം വരുത്തി; ജനങ്ങളുടെ അസാന്നിദ്ധ്യത്തിൽ അവനെ രഹസ്യത്തിൽ ബന്ധിയാക്കുവാൻ തീരുമാനിച്ചു. യൂദാസ് ഇസ്ക്കരിയോത്താവ് എന്ന പേരുള്ള അവന്റെ ശിഷ്യന്മാരിൽ ഒരാൾ അവനെ ഇരുളിന്റെ മറവിൽ കാണിച്ചു കൊടുക്കാം എന്നു പറഞ്ഞതിലൂടെ എല്ലാക്കാര്യങ്ങളും അവർക്ക് അനുകൂലമായി വന്നു. അങ്ങനെ ഗത്ശമനയിലുള്ള തോട്ടത്തിൽ വെച്ച് ഒരു പാതിരാത്രിയിൽ യേശുകർത്താവിനെ ബന്ധനസ്ഥനാക്കി.

അന്നു രാത്രിയിലുടനീളം യഹൂദന്മാരുടെ യോഗം (സൻഹെഡ്രിൻ, യഹൂദപള്ളി) അവനെതിരെയുള്ള തെളിവുകൾ കണ്ടുപിടിക്കുന്നതിനായി കഷ്ടപ്പെട്ടു. അവർ യേശുവിനെതിരായി ഉന്നയിച്ച ആരോപണങ്ങൾക്ക് അനുകൂലമായി പറയുന്ന സാക്ഷികളെ ലഭിക്കുവാൻ അവർ കഷ്ടപ്പെട്ടു. പല സമയത്തും ഈ സാക്ഷികൾ തമ്മിൽ വൈരുദ്ധ്യമായി സംസാരിച്ചു. അവസാനം, തടവിലായ വ്യക്തിയോട് പള്ളിയിലുള്ളവർ വളരെ ഗൗരവമായ ഒരു ചോദ്യം ചോദിച്ചു, "***നീ ദൈവപുത്രനായ ക്രിസ്തു തന്നെയോ***" ***(26:63).*** എന്നാൽ യേശുകർത്താവ് ക്രിയാത്മകമായി ഉത്തരം നൽകിയപ്പോൾ ന്യായാധിപസംഘത്തിൽ ഉത്തരവാദിത്വമുണ്ടായിരുന്ന പുരോഹിതൻ യേശു ദൈവദൂഷണം പറയുന്നുവെന്ന് പ്രഖ്യാപിച്ചു. അങ്ങനെ പറയുന്നവർക്കുള്ള ശിക്ഷ മരണമായിരുന്നു.

തൊട്ടുപിന്നാലെ തുപ്പലിന്റേയും പ്രഹരത്തിന്റേയും പരിഹാസത്തിന്റേയും ലജ്ജാവഹമായ രംഗങ്ങൾ നടമാടി. അതിനുശേഷം യേശുകർത്താവിനെ റോമാ അധികാരികൾക്ക് ഏൽപ്പിച്ചു കൊടുത്തു. മരണശിക്ഷ നൽകുന്നതിനു മുമ്പ് റോമാ സർക്കാരിന്റെ അനുമതി ലഭിക്കേണ്ടത് ആവശ്യമായിരുന്നു.

റോമാ ഗവർണറായിരുന്ന പൊന്തിയോസ് പീലാത്തോസ് ഒരു ശക്തനായ ഭരണാധികാരി ആയിരുന്നില്ല. യേശുകർത്താവ് താൻ "***യഹൂദന്മാരുടെ രാജാവ്***" എന്നു വിളിച്ചു പറഞ്ഞ അതേ പ്രഖ്യാപനത്തെക്കുറിച്ച് അവൻ യേശുകർത്താവിനെ ചോദ്യം ചെയ്തു *(27:11).* യേശുകർത്താവ് ഒരു തെറ്റും ചെയ്തിട്ടില്ല എന്ന് പീലാത്തോസിന് ഹൃദയത്തിൽ തോന്നിയിട്ട് അവൻ യഹൂദന്മാരോട് അത് ധരിപ്പിക്കുവാൻ ശ്രമിച്ചു. എന്നാൽ അതൊക്കെയും വൃഥാവായിത്തീരുകയും പുരോഹിതന്മാരുടെ നേതൃത്വത്തിൽ കലഹം ഉണ്ടാക്കിയ ജനസമൂഹത്തിന്റെ സമ്മർദ്ദത്തിന് വഴങ്ങേണ്ടി വന്നു ***(മർക്കോസ് 15:11).***

ബറബ്ബാസിനെയോ യേശുവിനെയോ എന്ന് തെരഞ്ഞെടുക്കുവാനുള്ള അവസരം അവർക്ക് നൽകിക്കൊണ്ട് യേശുവിനെ വെറുതെ വിടുവാൻ പീലാത്തോസ് തന്റെ അവസാന ശ്രമം നടത്തി. ജനങ്ങൾക്ക് എല്ലാം നന്നായി അറിയാവുന്ന ഒരു കുപ്രസിദ്ധനായ കുറ്റവാളിയാണ് ബറബ്ബാസ്. അവർ യേശുവിനെ തന്നെ ആവശ്യപ്പെടും എന്ന് പീലാത്തോസിന് ഉറപ്പായിരുന്നു. എന്നാൽ അവർ എല്ലാവരും ബറബ്ബാസിനു വേണ്ടി നിലവിളിച്ചതു കേട്ട് പീലാത്തോസ് സ്തബ്ധനായി യേശുവിനെ മരണത്തിനായി വിധിച്ചു *(27:26).*

ക്രൂശിക്കുന്നതിനു മുമ്പായിട്ട് റോമാ പടയാളികൾ തടവുകാരനെ കഠിനമായ പീഢനത്തിന് വിധേയനാക്കി. അവർ അവനെ അടിക്കുകയും പരിഹസിച്ചുകൊണ്ട് "***യഹൂദന്മാരുടെ രാജാവേ ജയ!ജയ!***" എന്നു പറയുകയും ചെയ്തു. അവസാനം അവനെ ക്രൂശിൽ ആണിയടിച്ച് തറച്ചപ്പോൾ അവന്റെ തലയ്ക്കു മുകളിലായി ഇപ്രകാരം ഒരു എഴുത്തുപലക വച്ചു "***ഇത് യഹൂദന്മാരുടെ രാജാവ്***" ജനാവലി അവനു ചുറ്റും കൂടി പരിഹസിക്കുകയും അട്ടഹസിക്കുകയും ചെയ്തു.

അവർ ഇപ്രകാരം പറഞ്ഞു, "***ഇവൻ യിസ്രായേലിന്റെ രാജാവെങ്കിൽ ക്രൂശിൽ നിന്ന് ഇറങ്ങി വരട്ടെ, ഞങ്ങൾ അവനിൽ വിശ്വസിക്കാം***" ***(27:42).***

അന്ന് ഉച്ചയ്ക്കുശേഷം മൂന്നു മണിക്ക് യേശുകർത്താവ് ഉറക്കെക്കരഞ്ഞു പ്രാണനെ ഏൽപ്പിച്ചു കൊടുത്തു. ദൈവത്തിന്റെ അഭിഷിക്തനായ രാജാവ് യിസ്രായേലിനാൽ തള്ളപ്പെട്ടു.

ഇന്ന് നാം ഈ കാര്യങ്ങളിലേക്ക് പിന്തിരിഞ്ഞു നോക്കിയാൽ നാം നമ്മുടെ പാപങ്ങളിൽ നിന്നും മാനസാന്തരപ്പെട്ട് അവനിൽ വിശ്വസിച്ചാൽ നാം അവന്റെ രാജ്യത്തിലേക്ക് പ്രവേശിക്കുകയും അവന്റെ പ്രജകളായിത്തീരുകയും ചെയ്യും എന്ന് സന്തോഷത്തോടെ മനസ്സിലാക്കുവാൻ സാധിക്കും. രാജാവിനെ തള്ളിക്കളഞ്ഞതോടെ ഒരിക്കലും കഥ അവസാനിക്കുന്നില്ല. അവന്റെ ക്രൂശിലെ മരണം മുഖാന്തിരം അവനെ കർത്താവും രാജാവുമായി ജീവിതത്തിൽ അംഗീകരിക്കുന്ന ആർക്കും ഈ രക്ഷയുടെ വാതിൽ തുറന്നു കിട്ടിയിരിക്കുകയാണ്.

**ന്യൂലൈഫ്**
# പ്രവൃത്തി പരിചയം



**1** **മത്തായി 26 ഉം 27:3–5 എന്നീ വാക്യങ്ങൾ ഉപയോഗിച്ച് ചുവടെയുള്ളവയ്ക്ക് ഉത്തരം എഴുതുക.**

(1). **ഈ വ്യക്തികളുടെ പേരുകൾ എഴുതുക.**

a). **റോമൻ ഗവർണ്ണർ**........................................c). **യഹൂദന്മാരുടെ മഹാപുരോഹിതൻ** ....................................

b). **വിട്ടയക്കപ്പെട്ട തടവുകാരൻ**...........................b). **ഒറ്റിക്കൊടുത്തവൻ** ...........................................................

(2). **ഒറ്റുകാരനെക്കുറിച്ച്**

a). മഹാപുരോഹിതൻ അവന് എത്ര പണമാണ് നൽകിയത്?..........................................................................

b). യേശുവിനെ പിടിക്കുവാൻ വന്നവർക്ക് അവൻ എന്താണ് അടയാളമായിക്കാണിച്ചത്? ..................................

c). ആ പണം കൊണ്ട് അവൻ എന്തു ചെയ്തു?.................................................................................

d). അവന്റെ ജീവിതം എങ്ങനെയാണ് അവസാനിച്ചത്?................................................................... 4

**2** **യഹൂദ മതനേതാക്കന്മാർ യേശുവിനെ ഇത്രമാത്രം എതിർത്തത് എന്തുകൊണ്ട്?**

.......................................................................................................................................

....................................................................................................................................... 4

**3** **യേശുവിനെ റോമാക്കാർക്ക് കൈമാറുന്നതിനുമുമ്പ് അവനെ എപ്രകാരമാണ് യഹൂദന്മാർ കൈകാര്യം ചെയ്തത് എന്നതിനെക്കുറിച്ച് എഴുതുക.**

.......................................................................................................................................

.......................................................................................................................................

....................................................................................................................................... 3

**4** **മത്തായി 27:19 വായിച്ചശേഷം, അതിരാവിലെ യേശുകർത്താവിന് നേരിട്ട പീഢനത്തിൽ പീലാത്തോസിന്റെ ഭാര്യ ചെയ്ത കാര്യത്തെക്കുറിച്ച് ഒരു വാചകം എഴുതുക.** ..................................................................... 2

.......................................................................................................................................

**5** **ശരിയായ പദങ്ങൾ ഉപയോഗിച്ച് ഖണ്ഡിക പൂർത്തിയാക്കുക.**

a). യേശുകർത്താവിനെ.....................................................വെച്ച് ബന്ധനസ്ഥനാക്കി.

b). യേശുകർത്താവ് താൻ "ദൈവപുത്രനാണ്" എന്നു പ്രഖ്യാപിച്ചതിനെക്കുറിച്ച് മഹാപുരോഹിതൻ പറഞ്ഞത് ഇപ്രകാരമാണ് ..........................................................................................................

c). യേശുകർത്താവ് താൻ യഹൂദന്മാരുടെ രാജാവാണെന്ന് പ്രഖ്യാപിച്ചതിനെ പരിഹസിച്ചുകൊണ്ട് പടയാളികൾ യേശുവിന്റെ തലയിൽ എന്താണ് വെച്ചത്? ......................................................................................

d). യേശുകർത്താവ് ആദ്യം സ്വന്ത ജനത്തിനാലും പിന്നീട് ........................................................ വിധിക്കപ്പെട്ടു. 4

**6** **യേശുകർത്താവിന്റെ മരണത്തിന്റെ ഫലമായി നമുക്ക് വ്യക്തിപരമായി എന്താണ് ലഭിക്കുന്നത്?**

.......................................................................................................................................

.......................................................................................................................................

....................................................................................................................................... 4

**7** **ഇന്നും യേശുകർത്താവിനെ അനേകരും തിരസ്ക്കരിക്കുന്നു. യോഹന്നാൻ 12:48 വായിച്ചശേഷം, തന്നെ തള്ളിക്കളയുന്നവർക്ക് എന്ത് സംഭവിക്കുമെന്നാണ് താൻ പറഞ്ഞത് എന്ന് നിങ്ങളുടെ സ്വന്തം വാക്കുകളിൽ എഴുതുക.**

.......................................................................................................................................

.......................................................................................................................................

....................................................................................................................................... 4

100 യൂണിറ്റിന്റെ ആകെ മാർക്ക്

Return your study sheets to:

25 ആകെ മാർക്ക്

© Bible Educational Services, P.O Box - 9, MOOKANNUR P.O., 683577, Ernakulam, KERALA ,E-mail : besindia1@gmail.com, www.besweb.org